ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, ലോകാരോഗ്യ സംഘടനയുമായി ആരോഗ്യ സാങ്കേതിക കണ്ടുപിടുത്തങ്ങൾ കൈമാറുന്നത് സംബന്ധിച്ച ധാരണാപത്രം ഒപ്പുവച്ചു

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി SCTIMST, ലോകാരോഗ്യ സംഘടനയുമായി ആരോഗ്യ സാങ്കേതിക കണ്ടുപിടുത്തങ്ങൾ കൈമാറുന്നത് സംബന്ധിച്ച ധാരണാപത്രം ഒപ്പുവച്ചു. തദ്ദേശീയമായ ആരോഗ്യ സാങ്കേതിക വിദ്യകളുടെ, പ്രധാനമായും രോഗനിർണ്ണയത്തിലും, വൈദ്യോപകരണങ്ങളിലുമുള്ള ഗവേഷണത്തിലും വികസനത്തിലും ശ്രദ്ധകേന്ദ്രീകരിക്കുന്ന രാജ്യത്തെ മുൻനിര കോന്ദ്രങ്ങളിലൊന്നാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി. കോവിഡ് 19 മഹാവ്യധിയെ നേരിടുന്നതിനായി വിസകിപ്പിച്ചെടുത്ത സാങ്കേതികവിദ്യകൾ കോവിഡ് 19 ടെക്നോളജി ആക്സസ് പൂൾ പ്രോഗ്രാമിനായി ലോകാരോഗ്യ സംഘടനയുമായി ഒരു പ്രാരംഭ ധാരണാപത്രം ഒപ്പുവയ്ക്കുന്നതിലേയ്ക്ക് നയിച്ചു. ആരോഗ്യ സാങ്കേതികവിദ്യകളുടെ കൈമാറ്റം സുഗമമാക്കുന്നതിനും താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിൽ (LMICകൾ) സമഗ്ര ഉൽപ്പന്ന വികസനശേഷി ഉണ്ടാക്കുന്നതിനുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട്, WHO 2024 ജനുവരി 31 മുതൽ ഹെൽത്ത് ടെക്നോളജി ആക്സസ് പൂളിലേയ്ക്ക് (HTAP) ഈ പ്രോഗ്രാം വിപുലീകരിച്ചു. ഇതിലേയ്ക്കായി SCTIMSയുമായി ഒരു ധാരണാപത്രം രണ്ടുവർഷത്തേക്ക് ഒപ്പുവച്ചിട്ടുണ്ട്.

നിലവിലുള്ള പൊതുജനാരോഗ്യ മുൻഗണനകളെ അഭിസംബോധന ചെയ്യുന്ന ആരോഗ്യ ഉത്പന്നങ്ങളുടെ ലഭ്യത പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം പകർച്ചവ്യധി പ്രതിരോധം, തയ്യാറെടുപ്പ്, പ്രതികരണം എന്നിവയ്ക്ക് HTAP ഊന്നൽ നൽകുന്നു. ഇത് സജീവമായി ലക്ഷ്യമാക്കുന്നത് ആരോഗ്യ അടിയന്തിരാവസ്ഥയിലും അതിനുശേഷവും പ്രസക്തമായ പ്ലാറ്റ്ഫോം സാങ്കേതികവിദ്യകളിലും മറ്റ് ആരോഗ്യ ഉത്പന്നങ്ങളിലുമാണ്.

2025 ഫെബ്രുവരി 12,13 തീയതികളിൽ ലോകാരോഗ്യ സംഘടനയുടെ ഒരു വിദഗ്ധ സംഘം SCTIMST സന്ദർശിച്ചു. ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ഒരു പ്രവർത്തന പദ്ധതി വികസിപ്പിക്കുകയും HTAPയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന SCTIMST വികസിപ്പിച്ച ആരോഗ്യ സാങ്കേതികവിദ്യകൾ തിരിച്ചറിയുകയും ചെയ്യുക എന്നതായിരുന്നു സന്ദർശനത്തിന്റെ ലക്ഷ്യം. ആഗോളവും പ്രാദേശികവുമായ ആരോഗ്യ സാങ്കേതിക കൺസോർഷ്യം രൂപികരിക്കുന്നതിനുള്ള സാദ്ധ്യതകളും അവർ ചർച്ച ചെയ്തു.

HTAP സീനിയർ ടെക്നിക്കൽ സ്പെഷ്യലിസ്റ്റ് ശ്രീ മൈക്കൽ വാർഡ്; ടെക്നിക്കൽ ഓഫീസർ ഡോ. ചെലോക ബ്ലാൻഡേ; ഡയഗണോസ്റ്റിക് എക്സ്പർട്ട് ഡോ. ഡ്രഗാന മിലിക്; ഡോ. ഐൻസ്റ്റിൻ കെസി, മെഡിക്കൽ ഉപകരണവിദഗ്ദ്ധൻ; ബൗദ്ധിക സ്വത്തവകാശം, വ്യപാരം, ആരോഗ്യം എന്നിവയിലെ WHO ഈസ്റ്റ് ഏഷ്യ റീജിയണൽ ഓഫീസിലെ മേഖലാ ഉപദേഷ്ടാവ് റീജിയണൽ അഡ്വൈസർ ഡോ. മനീഷ ശ്രീധർ; ഡോ. മധുർ ഗുപ്ത, WHO കൺട്രി ഓഫീസിലെ ഫാർമസ്യൂട്ടിക്കൽസ് ആന്റ് മെഡിക്കൽ പ്രോഡക്ട്സ് ഫോക്കൽ പോയന്റിലെ ടെക്നിക്കൽ ഓഫീസർ, എന്നിവരാണ് WHOയിൽ നിന്നും യോഗത്തിൽ പങ്കെടുത്തത്.

ധാരണാപത്രത്തിൽ ഒപ്പുവച്ചശേഷമുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായിരുന്നു, WHO പ്രതിനിധികളുമായി SCTIMSTയുടെ ബയോമെഡിക്കൽ ടെക്നോളജി വിഭാഗത്തിൽ നടന്ന ദ്വിദിന കൂടിക്കാഴ്ച. ‘‘യോഗം വളരെ ഫലപ്രദമായിരുന്നു, തന്നെയുമല്ല SCTIMST വികസിപ്പിച്ച പല സാങ്കേതികവിദ്യകളും എല്ലാവർക്കും തുല്യമായ ആരോഗ്യ ലഭ്യത എന്ന ലോകാരോഗ്യ സംഘടനയുടെ കാഴ്ചപ്പാടുമായി ചേർന്നുപോകുന്നു’’ എന്ന് SCTIMST ഡയറക്ടർ ഡോ. സഞ്ജയ് ബിഹാരി പറഞ്ഞു. HTAP യുടെ ലക്ഷ്യങ്ങളെക്കുറിച്ചും അതിന്റെ

സംരംഭങ്ങളിൽ SCTIMSTയുടെ സഹകരണ സാദ്ധ്യതകളെക്കുറിച്ചും വിപുലമായ ചർച്ചകൾ നടന്നു.

"SCTIMST രോഗനിർണ്ണയത്തിലും മെഡിക്കൽ ഉപകരണങ്ങളിലുമുള്ള ആരോഗ്യ സാങ്കേതിക കണ്ടുപിടുത്തങ്ങളിൽ ആഴത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. ആരോഗ്യമേഖലയുടെ ഇനിയും നിറവേറ്റപ്പെട്ടിട്ടില്ലാത്ത ആവശ്യങ്ങൾക്കായി സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്വികരിച്ച സമീപനങ്ങൾ ലോകാരോഗ്യസംഘടനയുടെ ലക്ഷ്യങ്ങൾക്ക് സമാന്തരമാണ്" ബയോമെഡിക്കൽ ടെക്നോളജി വിഭാഗം മോധാവി ഡോ. ഹരികൃഷ്ണ വർമ്മ പറഞ്ഞു. താങ്ങാനാവുന്ന ആരോഗ്യ പരിഹാരങ്ങൾ നൽകുന്നതിൽ SCTIMSTയെ ഒരു ആഗോളപങ്കാളിയായി അംഗീകരിക്കാനുള്ള ലോകാരോഗ്യ സംഘടനയുടെ ശ്രമങ്ങൾ ഒരു സുപ്രധാന മുന്നേറ്റത്തെ കാണിക്കുന്നു.

"WHO പ്രതിനിധികളുടെ സന്ദർശനം, SCTIMSTയുമായുള്ള ദീർഘകാല സഹകരണ ശ്രമങ്ങളെ ശക്തിപ്പെടുത്തുകയും HTAP പ്ലാറ്റ്ഫോം വഴി SCTIMST വികസിപ്പിച്ച ആരോഗ്യ സാങ്കേതിക വിദ്യകളുടെ ആഗോള കൈമാറ്റത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കമിടുകയും ചെയ്തു. ഇത് ആരോഗ്യ രംഗത്തെ ശ്രീചിത്രയുടെ കണ്ടുപിടുത്തങ്ങളിൽ അന്താരാഷ്ട്ര പങ്കാളികളുമായി പുതിയ സഹകരണം വളർത്തും. തന്നെയുമല്ല ലോക രാജ്യങ്ങളിലെ ആരോഗ്യ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നൂതനമായ ആരോഗ്യ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിന്റെ പ്രധാന കേന്ദ്രമായി ശ്രീചിത്രയ്ക്ക് മാറാൻ കഴിയും" എന്ന് SCTIMSTയിലെ സീനിയർ സയന്റിസ്റ്റ് ഡോ. അനൂപ് തെക്കുവീട്ടിൽ പറഞ്ഞു.